(ഡി) യുവ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് ഇത്വഴി ലഭിക്കുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ) 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ, കയർ മേഖലയിൽ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നവേഷൻ ഫണ്ടും നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി ഒരു കയർ ഇൻക്യുബേഷൻ സെല്ലും രൂപീകരിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അത് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) കയർ മേഖലയിൽ പുതിയ ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതികവിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുക, ഇത്തരം നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ബിസിനസ് സംരംഭങ്ങളെ സഹായിക്കുക തുടങ്ങിയവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) നൂതന ആശയങ്ങൾ, പുതിയ സാങ്കേതിക വിദ്യ എന്നിവ കയർമേഖലയിൽ നടപ്പാക്കുന്നതിന് മുന്നോട്ടുവരുന്ന യുവസംരംഭകരെ സാങ്കേതികമായി സഹായിക്കുന്നതിന് ഇൻക്യുബേഷൻ സെല്ലും സാമ്പത്തികമായി സഹായിക്കുന്നതിന് ഇന്നവേഷൻ ഫണ്ടും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) നൂതനആശയങ്ങൾ പ്രയോജനപ്പെടുത്തി നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക്/ഏജൻസികൾക്ക് ഇതിന്റെ സഹായം ലഭിക്കുന്നു. കയർ മേഖലയിലെ ഗവേഷണ വികസന സ്ഥാപനമായ എർ.സി.ആർ.എം.ഐ.-യുടെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

കയർ സഹകരണ സംഘങ്ങൾ

185 (1228) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര കയർ സഹകരണ സംഘങ്ങളാണ് അനുവദിച്ചതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് പുതുതായി ആരംഭിച്ച സംഘങ്ങളിൽ കയർ വിപണനവുമായി ബന്ധപ്പെട്ട് എത്രകോടി രൂപയുടെ ഇടപാടുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതുതായി കയർ സംഘങ്ങൾ അനുവദിക്കാനുള്ള മാനദണ്ഡം എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പുതുതായി ആരംഭിച്ച ഓരോ സംഘങ്ങളുമായി ബന്ധപ്പെട്ട് എത്ര കയർ തൊഴിലാളികൾ ജോലിചെയ്യുന്നുവെന്നും, ഇവർക്ക് എത്ര തൊഴിൽദിനങ്ങൾ വീതം നൽകാൻ പ്രസ്തുത സംഘത്തിന് കഴിയുന്നുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 216 കയർ സഹകരണ സംഘങ്ങൾ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	സംഘങ്ങളുടെ എണ്ണം	പ്രോജക്ട് പരിധി
1	തിരുവനന്തപുരം	6	ചിറയിൻകീഴ്
2	കൊല്ലം	22	കൊല്ലം
3	പത്തനംതിട്ട	2	
4	ആലപ്പുഴ	105	കായംകുളം (44) എണ്ണം ആലപ്പുഴ (61) എണ്ണം
6	കോട്ടയം	20	വൈക്കം
7	മലപ്പുറം	1	പൊന്നാനി
8	പാലക്കാട്	32	
9	കോഴിക്കോട്	11	കോഴിക്കോട്
10	കണ്ണൂർ	15	കണ്ണൂർ
11	കാസർഗോഡ്	2	
	ആകെ	216	

(ബി) പുതുതായി ആരംഭിച്ച സംഘങ്ങളിൽ കയർ വിപണനവുമായി ബന്ധപ്പെട്ട് 2,31,34,896 രൂപയുടെ ഇടപാടുകൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) 1969-ലെ കേരള സഹകരണ നിയമവും ചട്ടവും പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് പുതിയ സഹകരണ സംഘങ്ങൾ അനുവദിക്കുന്നത്. പ്രസ്തുത നിയമത്തിലെ വകുപ്പ് 4 പ്രകാരം സഹകരണ തത്വങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്ന സംഘങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ. വകുപ്പ് 5 പ്രകാരം ക്ലിപ്ത ബാദ്ധ്യതയോടുകൂടിയ സംഘങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ പാടുള്ളൂ. ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിന് പ്രാരംഭ നടപടിയെന്ന നിലയിൽ പൊതുയോഗം കൂടേണ്ടതാണ്. പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒരു ചീഫ് പ്രൊമോട്ടറെയും രജിസ്ട്രേഷനുശേഷം 3 മാസത്തേക്കുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നതിന് ഒരു കമ്മിറ്റിയെയും യോഗം നിയോഗിക്കേണ്ടതാണ്. കൂടാതെ സംഘത്തിന്റെ ബൈലാ, പ്രവർത്തനപരിധി എന്നിവയും യോഗത്തിൽ അംഗീകരിക്കേണ്ടതാണ്. വകുപ്പ് 6, ചട്ടം 3 അനുസരിച്ച് രജിസ്ട്രേഷനുള്ള അപേക്ഷ 1-ാം നമ്പർ ഫോറത്തിൽ അനുബന്ധം 2 പ്രതിയായി തയ്യാറാക്കേണ്ടതാണ്. അസ്സൽ അപേക്ഷയോടൊപ്പം 1,000 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾക്ക് 50 രൂപയുടെയും ചെലാൻ രസീത് വയ്ക്കേണ്ടതാണ്.

(ഡി) വിവിധ പ്രോജക്ട് ഓഫീസുകൾക്കുകീഴിൽ പുതുതായി ആരംഭിച്ച സംഘങ്ങളിൽ കൊല്ലം, കായംകുളം, ആലപ്പുഴ, വൈക്കം, കണ്ണൂർ എന്നീ പ്രോജക്ടുകൾക്കുകീഴിൽ ഉല്പാദനം ആരംഭിച്ച സംഘങ്ങളിൽ 1360 കയർ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. പ്രോജക്ട് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	പ്രോജക്ട്	ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം	ലഭിച്ച തൊഴിൽ ദിനങ്ങൾ
1	കൊല്ലം	32	29
2	കായംകുളം	418	250
3	ആലപ്പുഴ	773	178
4	വൈക്കം	130	125
5	കണ്ണൂർ	7	21